Talented Bankers Literary Panel
പുസ്തകപരിചയം 74

പരിചയപ്പെടുത്തുന്നത്
അമിത് കുമാർ
ഫെഡറൽ ബാങ്ക്
സോണൽ ഓഫീസ്
കോട്ടയം.

സമ്പർക്കക്രാന്തി (നോവൽ 2019)
വി. ഷിനിലാൽ

തീവണ്ടിയിൽ യാത്ര ചെയ്യുമ്പോഴത്തെ അനുഭവം ഒന്നു സങ്കൽപിച്ചു നോക്കാമോ ? ചുമ്മാ ആലപ്പുഴ-എറണാകുളം പാസഞ്ചറിലെ യാത്രയല്ല, മറിച്ച് ജമ്മുതാവി, ജയന്തിജനത പോലത്തെ ദീർഘദൂര തീവണ്ടികളിലെ പല രാത്രികളും പകലുകളും നീളുന്ന യാത്രകളാണ് സങ്കൽപ്പിക്കേണ്ടത്.

ഇനിയും അങ്ങനത്തെ യാത്രകൾ ചെയ്യാത്തവരുണ്ടെങ്കിൽ സങ്കൽപ്പിച്ചു വശംകെടണ്ട, ഞാൻ പറയാം.

ഒരു ചെറു ഇന്ത്യ തന്നെയായിരിക്കും ആ തീവണ്ടികൾ. യാത്രക്കാർ പല പല സംസ്ഥാനങ്ങളിൽ നിന്നുമുള്ളവരായിരിക്കും എന്നതു മാത്രമല്ല അങ്ങനെ പറയാൻ കാരണം. പല ഭാഷകൾ, പല വേഷങ്ങൾ, പല ഭക്ഷ്യങ്ങൾ എന്നു തുടങ്ങി ഇന്ത്യയുടെ നാനാത്വം പച്ചക്ക് കാണാൻ പറ്റുന്ന ഒരിടം എന്ന നിലയ്ക്കാണ് ആ തീവണ്ടികളെ ചെറിയൊരിന്ത്യ എന്നു പറഞ്ഞു പോവുന്നത്.

സമ്പർക്കക്രാന്തി എന്നത് രാജ്യ തലസ്ഥാനമായ ന്യൂഡെൽഹിയിലൂടെ കടന്നുപോയി വ്യത്യസ്ത സംസ്ഥാന തലസ്ഥാനങ്ങളെ പരസ്പരം ബന്ധപ്പെടുത്തുന്ന 23 തീവണ്ടികളെ പൊതുവായി വിളിക്കുന്ന പേരാണ് (വിക്കിപീഡിയ).

തിരുവനന്തപുരത്തു നിന്ന് ചണ്ഡിഗഢ് വരെ പോവുന്ന ഒരു സമ്പർക്കക്രാന്തി തീവണ്ടിയുണ്ട്.

ആ സമ്പർക്കക്രാന്തി തീവണ്ടിയിലെ/യുടെ കഥയാണ് സമ്പർക്കക്രാന്തി നോവൽ.

നോവലിന്റെ ആദ്യ അധ്യായം കഴിയുമ്പോഴേക്കും വായനക്കാരും യാത്രക്കാരായി മാറിക്കഴിഞ്ഞിരിക്കും എന്നതാണ് ഏറ്റവും ഹൃദ്യമായി തോന്നിയത്.

സാധാരണ ദീർഘദൂര തീവണ്ടിയാത്രകളിൽ നാം കണ്ടുമുട്ടുന്നതു പോലത്തെ, ആദ്യ സ്റ്റേഷനിൽ നിന്നു കയറി അവസാന സ്റ്റേഷൻ വരെ സഹയാത്രികരാവുന്ന കഥാപാത്രങ്ങൾ മുതൽ, വാതിൽക്കലോ മറ്റോ നിന്നു തല കാട്ടി അടുത്ത സ്റ്റേഷനിൽ അപ്രത്യക്ഷരാകുന്ന കഥാപാത്രങ്ങൾ വരെ നോവലിലുണ്ട്.

യാത്രകളും യാത്രക്കുറിപ്പുകളും FB പോസ്റ്റുകളും കൊണ്ടു ജീവിതം ആസ്വദിക്കുന്ന കരംചന്ദ്, യാത്രികനും വിദേശിയുമായ ജോൺ, ജോണിന്റെ

കയ്യിലെ ഇന്ത്യ എന്ന പുസ്തകം, ദ്വി എന്ന, സ്വേച്ഛാധിപതിയായിത്തീർന്ന യാത്രക്കാരൻ, സംശയവൃദ്ധ, ചരിത്രമില്ലാത്ത യുവാവ്, ടിക്കറ്റ് എക്സാമിനർ, കർവാലോ തുടങ്ങിയവർ ആദ്യന്തം നിറഞ്ഞു നിൽക്കുന്നവരാണെങ്കിൽ സമീറ, അമാനുഷി, രാംകേഷ്, കരിമൻ തുടങ്ങിയവർ ഇടയ്ക്കുള്ള സ്റ്റേഷനുകളിൽ ഇറങ്ങുന്നവരാണ്/ കയറിയവരാണ്.

തീവണ്ടിയുടെ പ്രയാണത്തിൽ കടന്നു പോവുന്ന ഓരോ സ്റ്റേഷനുകളുടെയും സ്ഥലങ്ങളുടെയും ചരിത്രങ്ങളും നോവലിൽ പ്രതിപാദിക്കപ്പെടുന്നു.

തിരുവനന്തപുരം തുടങ്ങി കൊല്ലം, ആലപ്പുഴ, എറണാകുളം എന്നിങ്ങനെ മംഗലാപുരം, ഗോവ, ഗുജറാത്ത്, രാജസ്ഥാൻ, യുപി, ഡൽഹി കടന്ന് സമ്പർക്കക്രാന്തി പോവുമ്പോൾ നിങ്ങൾ വായനക്കാർ യാത്രക്കാർ മാത്രമല്ല കാണികളും കൂടി ആയിക്കഴിയും.

തീവണ്ടി എഞ്ചിൻ എങ്ങനെയാണോ ഓരോ ബോഗികളെയും ഒന്നിനു പിറകെ ഒന്നായി വലിച്ചുകൊണ്ടു പോവുന്നത് അതുപോലെയാണ് സമ്പർക്കക്രാന്തിയിലെ ആദ്യ അധ്യായം നമ്മളെ അടുത്ത അധ്യായത്തിലേക്കും തുടർന്നുള്ള അധ്യായങ്ങളിലേക്കും കൊണ്ടു പോവുന്നത്. എനിക്കാണെങ്കിൽ അഞ്ചെട്ടു വട്ടം തീവണ്ടിയിൽക്കൂടി അങ്ങേയറ്റം മുതൽ ഇങ്ങേയറ്റം വരെ നടന്ന പ്രതീതിയുമുണ്ടായി.

ഒരിന്ത്യയാണ് ഓരോ തീവണ്ടിയും എന്നു പറഞ്ഞല്ലോ. സമകാലിക ഇന്ത്യയാണ് സമ്പർക്കക്രാന്തി. എന്താ കാരണമെന്നോ, എത്ര പെട്ടന്നാണ് ബോഗിയിൽ വെള്ളമില്ല എന്ന വിഷയത്തെ ദ്വി എന്ന യാത്രികൻ സ്വയം നേതാവായും തുടർന്ന് ലക്ഷണമൊത്ത ഒരു സ്വേഛാധിപതിയായും മാറാൻ വളർത്തിയെടുത്തത് !

നാനാത്വത്തിൽ ഏകത്വമെന്ന ആശയത്തെ ഓർമിപ്പിക്കുന്ന വിധത്തിൽ യാത്രക്കാരെല്ലാം പരസ്പരം ഇടപെട്ടും പങ്കുവച്ചും നടത്തിക്കൊണ്ടിരുന്ന യാത്രയായിരുന്നു. ദ്വിയുടെ പതിനെട്ട് കിങ്കരന്മാർ ചേർന്ന് ജാതിയുടേയും മതത്തിന്റേയും ലിംഗത്തിന്റയുമൊക്കെ അടിസ്ഥാനത്തിൽ യാത്രക്കാരെ തിരിച്ച് പല പല ബോഗികളിലാക്കുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ വിസിലടിക്കുമ്പോൾ എല്ലാവരും എഴുന്നേറ്റു നിന്ന് കൈകൂപ്പാനും പറയുന്നുണ്ട്.

ഇതൊക്കെ സമകാലിക ഇന്ത്യയല്ലേ ?

കരംചന്ദ് സമകാലികനല്ലേ?

കരംചന്ദിനെ ദ്വി എന്താണു ചെയ്യുക ? പരസ്പരം കാണാനോ സംസാരിക്കാനോ ആവാത്ത വിധം ബോഗികളിലടയ്ക്കപ്പെട്ട ജനത എന്താണു ചെയ്യുക?

നോവലിലെ എനിക്കേറ്റവും ഇഷ്ടപ്പെട്ടതും, ഇരുളടയുന്നുവോ എന്നു തോന്നപ്പെടുന്ന ആശങ്കകളെ അകറ്റുന്നതുമായ ഒരു ഉദ്ധരണിയിൽ ഞാനെന്റെ മറുപടി ഒതുക്കാം:" ഒരു ക്രൂരൻ ജനിക്കുമ്പോൾ വിഷം പുരട്ടിയ ഒരമ്പും ജനിക്കുന്നു, അതെയ്യാൻ ഒരു വേടനും" (പേജ് 161)

ദേശാഭിമാനി വാരികയിൽ സമ്പർക്കക്രാന്തി ഖണ്ഡശ പ്രസിദ്ധീകരിച്ചപ്പോൾ

വായിക്കാതിരുന്നത് ഭാഗ്യം എന്നു തോന്നിപ്പോയി. വായനക്കാരനെ സംബന്ധിച്ചിടത്തോളം ഒരധ്യായം വായിച്ചു കഴിഞ്ഞ് ഒരാഴ്ച കാത്തിരിക്കുക എന്നത് ചായ കുടിക്കാനിറങ്ങിയപ്പോൾ വണ്ടി വിട്ടുപോയ യാത്രികൻ നിർജീവമായ ഒരു സ്റ്റേഷനിൽ അടുത്ത വണ്ടിക്കു കാത്തിരിക്കുന്നതിനേക്കാൾ മടുപ്പുളവാക്കുന്ന കാര്യമാണല്ലോ.

പ്രസാധകർ : ഡിസി ബുക്സ്
വില: 270 രൂപ

**** **** ****

എഴുത്തുകാരൻ ശ്രീ ഷിനിലാൽ തിരുവനന്തപുരം നെടുമങ്ങാട് സ്വദേശിയാണ്. ഉടൽ ഭൗതികം എന്ന ആദ്യ കൃതിക്ക് പ്രഥമ കാരൂർ സ്മാരക നോവൽ പുരസ്കാരം ലഭിച്ചു. ആനുകാലികങ്ങളിൽ മികച്ച കഥകൾ എഴുതാറുണ്ട്. ദക്ഷിണ റെയിൽവേ തിരുവനന്തപുരം ഡിവിഷനിൽ ട്രാവലിംഗ് ടിക്കറ്റ് എക്സാമിനർ ആയി ജോലി ചെയ്യുന്നു.